ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്

28(*88) ശ്രീ. രാജു എബ്രഹാം :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. ബി. സത്യൻ :

ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായ നാഡീവ്യൂഹ വിദഗ്ധ ചികിത്സയ്ക്ക് സാധാരണക്കാർക്ക് ആശ്രയമായിരുന്ന ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേന്ദ്ര സർക്കാരിൽനിന്ന് വേണ്ട സഹായം ലഭിക്കാത്ത കാരണം ചൂണ്ടിക്കാട്ടി നിരക്ക് വർദ്ധിപ്പിച്ചതു സാധാരണക്കാരെ വളരെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നത് പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(ബി) ആയത് കണക്കിലെടുത്ത് കേന്ദ്ര സർക്കാരിൽ നിന്ന് അധിക ധനസഹായം ലഭ്യമാക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(സി) സ്ഥാപനത്തിന് ഉണ്ടെന്ന് പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ):

(എ) വർദ്ധിപ്പിച്ചതുമൂലം ചെലവുകൾ കണക്കിലെടുത്ത് കാലാകാലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി ചികിത്സാ നിരക്കുകൾ പുനർനിർണ്ണയിക്കുന്നുണ്ടെന്നും 2016-ൽ ചികിത്സാ നിരക്കുകൾ 15% വർദ്ധിപ്പിച്ചത് സാമ്പത്തികമായി പിന്നോട്ടു നിൽക്കുന്ന രോഗികളെ ബാധിക്കാതിരിക്കാൻവേണ്ട നടപടികൾ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ടെന്നും നിലവിൽ ഉണ്ടായിരുന്ന സബ്സിഡി പഴയതുപോലെ തുടരുന്നതിനാൽ ഇപ്പോഴത്തെ നിരക്കു വർദ്ധനവ് സാധാരണക്കാരെ കാര്യമായ സാമ്പത്തിക ബുദ്ധിമുട്ടിലാഴ്ത്തിയിട്ടില്ല എന്നുമാണ് ഇൻസ്റ്റിറ്റ്യൂട്ട് അറിയിച്ചിരിക്കുന്നത്.

(ബി) ബാധകമല്ല.

(സി) ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായതിനാൽ കേരള സർക്കാരിന് ഇതിന്മേൽ നിയന്ത്രണമില്ല.

LIBRARY ARCHIVES Kerala Legislative Assembly